● റിപ്പോർട്ട്

കെ.എ ഫൈസൽ

# എൻഡോസൽഫാൻ പുനരധിവാസ പദ്ധതി ചരിത്രനിയോഗം

**തല** ക്രമാതീതമായി വലുതായവർ, അരയ്ക്കു താഴെ ചലനശേഷിയില്ലാത്തവർ, കൈകാലുകൾ തളർന്നവർ, മാനസിക വൈകല്യം ബാധിച്ചവർ..... കണ്ടുനിൽക്കാൻ കഴിയാത്ത കാഴ്ചകളാണ് എൻഡോസൽഫാൻ ദുരിതബാധിതർ നമുക്ക് നൽകുന്നത്. കരളലിയിക്കുകയും കണ്ണ് നനയിക്കുകയും ചെയ്യുന്ന ബാല്യവും കൗമാരവും വാർധക്യവും. കേരളത്തിന്റെ വടക്കേയറ്റത്ത് കർണാടകയോട് ചേർന്നു കിടക്കുന്നതുകൊണ്ടാകണം, ഈ സംഭവങ്ങൾ പലപ്പോഴും നാം മലയാളികൾ അറിയാതെ പോയത്. കന്നട കലർന്ന മലയാളത്തിൽ എൻഡോസൽഫാൻ ഇരകൾ അവരുടെ ഭരണാധികാരികളോടും ഉദ്യോഗസ്ഥരോടും ദുരിതകഥകൾ വിവരിച്ചുവെങ്കിലും അവർ മനസ്സിലാകുന്നില്ലെന്ന് നടിക്കുകയാണു ചെയ്തത്.

2005 ഫെബ്രുവരി 7-ന് എറണാകുളം ടൗൺഹാളിൽ സോളിഡാരിറ്റി സംഘടിപ്പിച്ച 'പോരാളികളുടെ സംഗമ'ത്തിൽ 32 സമരസംഘടനകൾ പങ്കെടുത്തുവെങ്കിലും ഏറെ ശ്രദ്ധിക്കപ്പെട്ടത് എൻഡോസൽഫാൻ വിരുദ്ധസമരസമിതിയായിരുന്നു. അവിടെ സന്നിഹിതരായിരുന്ന നിറഞ്ഞുകവിഞ്ഞ സദസിന്റെ ഹൃദയത്തോടു സംസാരിക്കുകയായിരുന്നു എൻഡോസൽഫാൻ വിരുദ്ധ സമരസമിതി പ്രതിനിധി സുധീർകുമാർ. ആ വാക്കുകൾ നമുക്ക് ഇങ്ങനെ വായിക്കാം: "എൻഡോസൽഫാൻ ദുരിതബാധിതരായ ഞങ്ങളുടെ പല ആളുകൾക്കും ഒരു സംശയമുണ്ട്. കാസർകോട് ജില്ല കർണാടകയിലാണോ അതോ കേരളത്തിലാണോയെന്ന്. കാസർകോട് ജില്ലക്കുപുറത്ത് എൻഡോസൽഫാൻ സമരസമിതി നേതാക്കൾ പങ്കെടുക്കുന്ന ആദ്യത്തെ പൊതുപരിപാടിയാണ് ഇത്. ഞങ്ങൾക്ക് ഇന്ന് ശുദ്ധമായ കുടിവെള്ളമില്ല. അമ്മമാരുടെ മുലപ്പാലിൽ പോലും മാരകവിഷം കലർന്നിരിക്കുന്നു. ശബ്ദമില്ലാത്തവരും ദുരിതത്തിന്റെ ഭീകരത അനുഭവിക്കുന്നവരുമായ മനുഷ്യജന്മങ്ങൾക്കു വേണ്ടി നമുക്കൊരുമിച്ചു പൊരുതാം."

സോളിഡാരിറ്റി പ്രവർത്തകരുടെ നെഞ്ചിൽ തറച്ച സുധീർകുമാറിന്റെ വാക്കുകൾ പാഴ്‌വാക്കുകളായില്ല. 'പോരാളികളുടെ സംഗമ'ത്തിനുശേഷം കാസർകോട് ജില്ലയിലെ പ്രവർത്തകർ എൻഡോസൽഫാൻ ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിച്ചു. ജില്ലാസമിതിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആവിഷ്കരിച്ചു. നേരത്തേ എൻഡോസൽഫാൻ ദുരിതബാധിതരെ സഹായിച്ചുകൊണ്ടിരുന്ന സമിതികൾ ഈ പ്രവർത്തനങ്ങളെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും വിവിധ സന്ദർഭങ്ങളിൽ സമരസമിതിയുടെ ഭാരവാഹിത്വം സോളിഡാരിറ്റി പ്രവർത്തകർക്ക് നൽകുകയും ചെയ്തു. പാലക്കാട്ട് നടന്ന സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചും കാസർകോട് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി 'വിഷമഴയുടെ ഇരകൾക്ക് സാന്ത്വനം' എന്ന പേരിലും ദുരിതബാധിത പ്രദേശങ്ങളിൽ സോളിഡാരിറ്റി ഭക്ഷ്യവിഭവശേഖരണവും വിതരണവും സംഘടിപ്പിച്ചിരുന്നു. പുനരധിവാസ പദ്ധതികളുടെ കരട് തയാറാക്കിക്കൊണ്ടിരിക്കുകയാണ് സംഘടനയുടെ കാസർകോട് ജില്ലാ സമിതി. പുതിയ പ്രവർത്തന കാലയളവിൽ ജനസേവനമേഖലയിലെ പ്രധാന പദ്ധതിയായി ഇത് ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു.

കാസർകോട് ജില്ലയിലെ 11 പഞ്ചായത്തുകളിലായി പ്ലാന്റേഷൻ കോർപറേഷൻ കേരളയുടെ കശുമാവിൻ തോട്ടങ്ങളിൽ തേയില കൊതുകിനെ നശിപ്പിക്കാനെന്ന വ്യാജേനയാണ് എൻഡോസൽഫാൻ കീടനാശിനി തളിച്ചത്. കടുത്ത കീടനാശിനി പ്രയോഗത്തിൽ കൊതുകുകൾ നശിച്ചുവോയെന്ന കാര്യം സംശയമാണ്. എന്നാൽ കീടനാശിനി പരീക്ഷിച്ച പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണമായിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ രണ്ടു കുട്ടികളടക്കം മൂന്നാളുകൾ ഉൾപ്പെടെ 603 പേർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്. തല ക്രമാതീതം വലുതാകുന്ന അസുഖം ബാധിച്ച സഅ്ദാദ് എന്ന നാലുവയസ്സുകാരൻ മരണമടഞ്ഞത് ഇക്കഴിഞ്ഞ സെപ്റ്റംബർ 4-നായിരുന്നു. പലർക്കും പുതുതായി രോഗലക്ഷണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

കാസർകോട് ജില്ലയിലെ എൻമകജെ, കുമ്പടാജെ, മൂളിയാർ, പുല്ലൂർപെരിയ, കയ്യൂർചീമേനി എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് അമ്പതുലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സോളിഡാരിറ്റിയുടെ പുനരധിവാസപദ്ധതിയുടെ പ്രഥമഘട്ടം ആവിഷ്കരിച്ചിട്ടുള്ളത്. ജനങ്ങളുടെ പിന്തുണയും സഹകരണവുമുണ്ടെങ്കിൽ പദ്ധതി ഇനിയും വികസിപ്പിക്കാനുന്നതാണ്. ചികിത്സാ സഹായം, ഭവനനിർമാണം, വിദ്യാഭ്യാസ-തൊഴിൽ സഹായങ്ങൾ, കൗൺസലിംഗ്, പെൻഷൻ എന്നീ അടിയന്തരപ്രാധാന്യമുള്ള കാര്യങ്ങൾക്കാണ് മുൻഗണന കൊടുത്തിട്ടുള്ളത്. നിരവധി കുടുംബങ്ങൾക്ക് പാർപ്പിട സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. ദാരിദ്ര്യമകറ്റുന്നതിന് സഹായകമാകുംവിധം സ്ത്രീകൾക്ക് ചില തൊഴിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. സൗജന്യ മരുന്നു വിതരണകേന്ദ്രം, ആംബുലൻസ്, വീൽ ചെയറുകൾ എന്നിവയാണ് ചികിത്സാരംഗത്തെ പ്രവർത്തനങ്ങൾ. ദുരിതബാധിത കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുകയും ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഒരു കൗൺസലിംഗ് സെന്റർ ഈ മേഖലയിൽ പ്രവർത്തനമാരംഭിക്കേണ്ടതും അത്യാവശ്യമാണ്.

2007 ആഗസ്റ്റ് 16-ന് പുനരധിവാസ പദ്ധതിയുടെ ഫണ്ട്ശേഖരണം ജ. വി.ആർ കൃഷ്ണയ്യരിൽനിന്ന് ആദ്യസംഭാവന സ്വീകരിച്ചുകൊണ്ട് ആരംഭിച്ചു. വളരെ പ്രോത്സാഹനാർഹമായ പ്രതികരണങ്ങ

ളാണ് സോളിഡാരിറ്റി പ്രവർത്തകർക്ക് ഇതുവരെയും ലഭിച്ചു കൊണ്ടിരിക്കുന്നത്. സഹായം വാഗ്ദാനം ചെയ്തുകൊണ്ട് നാനാജാതിമതസ്ഥരുടെ ഫോൺ/ഇ മെയിൽ ലഭിച്ചുകൊണ്ടി രിക്കുന്നു. ഫണ്ട് ശേഖരണത്തിന് സഹായകമാകുന്ന ലഘു ലേഖയും 'വിഷമഴയുടെ ഇരകൾക്കു വേണ്ടി' എന്ന ഹ്രസ്വ ഡോക്യുമെന്ററിയും പുറത്തിറക്കിയിട്ടുണ്ട്. പദ്ധതിയോട് സഹകരിക്കണമെന്നാവശ്യപ്പെട്ട് സാംസ്കാരിക-സാമൂഹിക പ്രവർത്തകരുടെ സംയുക്തപ്രസ്താവനയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുകയുണ്ടായി.

'നിങ്ങളുടെ പണം×ഞങ്ങളുടെ അധ്വാനം=പാവ ങ്ങൾക്കൊരു വീട്' എന്ന പദ്ധതിയിലൂടെ 450 വീടുകൾ കേരള ത്തിലെ പാവങ്ങൾക്ക് നിർമിച്ചു നൽകിയ ഈ യുവജന പ്രസ്ഥാനം ഒരു പുതിയ സേവനമുഖം തുറക്കുകയാണ്. തീരാ ദുരിതങ്ങളുടെ ആഴക്കടലിൽ മുങ്ങിത്താണുകൊണ്ടിരി ക്കുന്ന ഒരുകൂട്ടം മനുഷ്യർ നമ്മുടെ കാരുണ്യത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ നമുക്കു വെറുതെയിരിക്കുക വയ്യ. ഈ ചരിത്രനിയോഗത്തിന് സോളിഡാരിറ്റിയോടൊപ്പം നിങ്ങളുണ്ടാ വണം.